1. ക്ലാസിൽ കണ്ട വ്യായാമങ്ങൾ ദിവസവും രാവിലെ ചെയ്യൂ. നിങ്ങൾ ചെയ്യുന്ന വ്യായാമങ്ങളുടെ വീഡിയോ അയക്കൂ..



2. തന്നിരിക്കുന്ന ചിത്രങ്ങൾ നോക്കി വ്യായാമങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തി എഴുതൂ..



- ടെലിവിഷൻ കാണുന്നു.
- നൃത്തം ചെയ്യുന്നു.
- നീന്തുന്നു.
- ഓടുന്നു.
- നടക്കുന്നു.
- പന്ത് കളിക്കുന്നു.
- ആഹാരം കഴിക്കുന്നു.
- സൈക്കിൾ ചവിട്ടുന്നു.
- വള്ളിച്ചാട്ടം ചാടുന്നു.


ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

## വ്യായാമങ്ങൾ

- ......................................
- ......................................
- ......................................
- ......................................
- ......................................
- ......................................
- ......................................
- ......................................



ഉണ്ണിക്കുട്ടൻ എന്താണ് പറയുന്നത്?



3. ജുമാന കഴിഞ്ഞ നാലു ദിവസങ്ങളിൽ എഴുതിയ ഡയറി വായിച്ചു നോക്കൂ

2021 സെപ്റ്റംബർ

26 ഞായർ

നേരത്തെ എഴുന്നേറ്റു.
പെരുവയറൻ രാജാവിന്റെ കഥ വായിച്ചു.
നല്ല രസമുണ്ട് കഥ.
ഉമ്മ ആ കഥ ഒന്നുകൂടി വായിപ്പിച്ചു.
ടീച്ചർ തന്ന പ്രവർത്തനങ്ങൾ ചെയ്തു.
വൈകുന്നേരം കൂട്ടുകാരോടൊപ്പം കളിച്ചു.
ഉപ്പ കഥാപുസ്തകം
കൊണ്ടു വന്നിട്ടുണ്ട്. നാളെ വായിക്കും.
10 മണിക്ക് ഉറങ്ങാൻ കിടന്നു.



2021 സെപ്റ്റംബർ

27 തിങ്കൾ



രാവിലെ കഥാപുസ്തകം വായിച്ചു.
കോഴിക്കൂടിനടുത്തേക്ക് ചെന്നു.
കോഴിക്കുഞ്ഞുങ്ങൾ വിരിഞ്ഞിട്ടുണ്ട്.
ആറെണ്ണമുണ്ട്. നല്ല ഭംഗിയുണ്ട് കാണാൻ.
ടീച്ചർ തന്ന പാട്ടുകൾ വായിച്ചു. പാടി അയച്ചു.
ടീച്ചർ സ്റ്റാർ തന്നു.

2021

**സെപ്റ്റംബർ**

| |
|---|
| 28 |
| ചൊവ്വ |

**ഇന്ന് ഉപ്പക്ക് പണിയില്ല.**
**ഉപ്പയും ഞാനും വെണ്ട വിത്തുകൾ നട്ടു.**
**ടിവിയിൽ ക്ലാസ് കണ്ടു.**
**പാഠം വായിക്കാൻ ഉപ്പ സഹായിച്ചു.**
**ഉച്ചക്ക് ചോറും മീൻ കറിയും കഴിച്ചു.**
**എഴുതിയത് ടീച്ചർക്ക് അയച്ചു.**
**രാത്രിയിൽ ടിവിയിൽ സിനിമ കണ്ടു.**



2021


**സെപ്റ്റംബർ**

| |
|---|
| 29 |
| ബുധൻ |



**നല്ല തണുപ്പുള്ള ദിവസമാണിന്ന്.**
**കുളിക്കുമ്പോൾ കിടുകിടാ വിറച്ചു.**
**ചൂടുള്ള ചായയും ദോശയും കഴിച്ചു.**
**ക്ലാസ് കണ്ടു. ഗണിത പ്രവർത്തനങ്ങൾ ചെയ്ത് ടീച്ചർക്ക് അയച്ചു.**
**വൈകുന്നേരം ഉമ്മ പരിപ്പുവട ഉണ്ടാക്കി.**
**ഞാനും സഹായിച്ചു.**

**പാഠപുസ്തകത്തിലെ ബീനയുടെ ഡയറിയും വായിക്കൂ.**



വായിക്കാം

ബീനയുടെ ഡയറി വായിക്കൂ:

കണ്ണാടി


2015
നവംബർ

24
ചൊവ്വ

രാവിലെ എഴുന്നേറ്റു. നല്ല തണുപ്പുണ്ടായിരുന്നു. നേരത്തേ സ്കൂളിൽ എത്തി. ഇന്നത്തെ അസംബ്ലിയിൽ ഞാനാണ് കഥ പറഞ്ഞത്. ഇന്ന് മാലിനി ടീച്ചർ പറഞ്ഞ കഥ എനിക്കിഷ്ടമായി. പെരുവയറൻ രാജാവിന്റെ കഥ. കഥയിൽത്തന്നെ പാട്ടുമുണ്ട്. എല്ലാവർക്കും ഇഷ്ടമായി. രാത്രി ഈ കഥ അമ്മയ്ക്കു പറഞ്ഞു കൊടുത്തു. അമ്മയ്ക്കും ഇഷ്ടപ്പെട്ടു.

**4. നിങ്ങളുടെ ഇന്നത്തെ ഡയറി എഴുതി നോക്കൂ.**






**ഇതു പോലെ എല്ലാ ദിവസവും ഡയറി എഴുതണേ..**

ദിവാകരൻ.പി

1. കഥ പൂർത്തിയാക്കാം.

വിട്ടു പോയ വാക്കുകൾ കണ്ടെത്തി കഥ പൂരിപ്പിച്ചെഴുതുക.
കഥക്ക്ഒരു പേരും നൽകണം.

.......................................................................................

നാട്ടിൽ വിളംബരം ചെയ്ത കാര്യങ്ങൾ ജനങ്ങൾ ചെയ്യുന്നുണ്ടോ? രാജാവ് വേഷം മാറി നടന്നു. ഒരു ദിവസം അദ്ദേഹം ഒരു വീടിനു മുന്നിലെത്തി. വീടും ചുറ്റുപാടും കണ്ട രാജാവിന്റെ മുഖം കോപം കൊണ്ടു ചുവന്നു.

ആ വീടിനു ചുറ്റും പലയിടത്തായി ............................................................ കൂട്ടിയിട്ടിരിക്കുന്നു.
അതു കണ്ട രാജാവിന് ...................... വന്നു.
"ആരവിടെ, ഈ വീട്ടുകാരെ തുറുങ്കിലടക്കൂ".
രാജാവ് .................................... .
ഈ വാർത്ത നാടുനീളെ പരന്നു. ജനങ്ങൾ ............................... .
എല്ലാവരും ......................................................... വൃത്തിയാക്കിയിട്ടു.
എവിടെയും ഒരു തരി പോലും ............................................ ഇല്ല!

ഒരാഴ്ച കഴിഞ്ഞു.
നാടുചുറ്റിക്കാണാൻ രാജാവും മന്ത്രിയും വീണ്ടുമെത്തി.
നാട്ടിലാകെ എന്തൊരു വൃത്തിയും വെടിപ്പും!
രാജാവിന് ..................................................... .
രാജാവ് തുറുങ്കിലടച്ച വരെ പുറത്തുവിട്ടു.
നാട്ടുകാരോട് വീടും പരിസരവും എപ്പോഴും
വൃത്തിയായി ............................................ ഉപദേശിച്ചു.
രാജാവ് ................................ കൈനിറയെ ...................................... നൽകി.

- വീടും പരിസരവും
- സന്തോഷമായി
- ചപ്പുചവറുകൾ
- സമ്മാനങ്ങൾ
- മാലിന്യങ്ങൾ
- എല്ലാവർക്കും
- സൂക്ഷിക്കാൻ
- ഭയന്നു
- കൽപ്പിച്ചു
- ദേഷ്യം

ദിവാകരൻ.പി ALPS KUTTIPPURAM SOUTH

2. പരിസരം മലിനമാകുന്ന സാഹചര്യങ്ങൾ നൽകിയിരിക്കുന്നു.പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി എഴുതുക.

| പരിസരം മലിനമാകുന്ന സാഹചര്യങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|
| കിണർ വെള്ളം മലിനമാകുന്നു. | |
| പുഴ മലിനമാകുന്നു. | |
| കൊതുക് , ഈച്ച, എലി എന്നിവ പെരുകുന്നു. | |

പുഴയിലേക്ക് മാലിന്യങ്ങൾ വലിച്ചെറിയരുത്. മലിനജലം പുഴയിലേക്ക് ഒഴുക്കരുത്.

വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം. മലിനജലം കെട്ടിക്കിടക്കാൻ അനുവദിക്കരുത്.

ആഹാര അവശിഷ്ടങ്ങൾ വലിച്ചെറിയാതെ കമ്പോസ്റ്റ് വളമാക്കുക.


അഴുക്കുചാലുകൾ തുറന്നിടരുത്.

പുഴയിലേക്ക് ഇറക്കി വാഹനങ്ങൾ കഴുകുകയും കന്നുകാലികളെ കുളിപ്പിക്കുകയും ചെയ്യരുത്.

കിണർ വലയിട്ട് മൂടണം. കിണറിന് ചുറ്റും മതിൽ കെട്ടണം.

ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

## 3. ശരിയായ ആരോഗ്യ ശീലങ്ങൾ മാത്രം കണ്ടെത്തി എഴുതുക.



- ദിവസവും കുളിക്കുന്നു.
- രണ്ടു നേരം പല്ലു തേയ്ക്കുന്നു.
- തുറന്നു വച്ചിരിക്കുന്ന ആഹാരസാധനങ്ങൾ കഴിക്കുന്നില്ല.
- നഖങ്ങൾ നീട്ടി വളർത്തുന്നു.
- ആഹാരത്തിനു മുമ്പും ശേഷവും കൈകളും വായയും കഴുകുന്നു.
- വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നില്ല.
- ആഹാര അവശിഷ്ടങ്ങൾ കമ്പോസ്റ്റ് കുഴിയിൽ ഇടുന്നു.
- പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നു.
- തിളപ്പിച്ചാറിയ വെള്ളം കുടിക്കുന്നു.
- കക്കൂസിൽ പോയി വന്നാൽ കൈകൾ സോപ്പിട്ട് കഴുകുന്നു.
- വൃത്തിയുള്ള വസ്ത്രങ്ങൾ ധരിക്കുന്നു.
- പൊതുസ്ഥലങ്ങളിൽ തുപ്പുന്നു.
- പുറത്തു പോയി വന്നാൽ കൈയും കാലും മുഖവും സോപ്പിട്ട് കഴുകിയതിനു ശേഷം മാത്രം വീടിനുള്ളിലേക്ക് പ്രവേശിക്കുന്നു.




1. **നിങ്ങൾക്കറിയാവുന്ന ശുചീകരണ ഉപകരണങ്ങളുടെ പേരുകൾ എഴുതുക.**

▣ **ശുചീകരണോപകരണങ്ങൾ കാണാം** →





| ശുചീകരണ ഉപകരണങ്ങൾ | |
|---|---|
| * .............................. | * .............................. |
| * .............................. | * .............................. |
| * .............................. | * .............................. |
| * .............................. | * .............................. |
| * .............................. | * .............................. |
| * .............................. | * .............................. |
| * .............................. | * .............................. |






## 2. ശുചീകരണ ഉപകരണങ്ങളെ തരംതിരിക്കാം, ചിത്രംവരക്കാം.

| വ്യക്തിശുചീകരണ ഉപകരണങ്ങൾ | പരിസരശുചീകരണ ഉപകരണങ്ങൾ |
| --- | --- |
| ■ ടൂത്ത് ബ്രഷ്  | ■ ചൂല്  |
| ■ | ■ |
| ■ | ■ |
| ■ | ■ |
| ■ | ■ |
| ■ | ■ |
| ■ | ■ |
| ■ | ■ |

"ചൂല് " പറയുന്നത് കേൾക്കാം



## 3. അമ്മയുടെ അനുമതിയോടെ ഒരു ഈർക്കിൽ ചൂലുണ്ടാക്കൂ. വീടുശുചീകരണത്തിലും പരിസരശുചീകരണത്തിലും പങ്കാളിയാകൂ.








ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

## 4. കടങ്കഥകൾക്ക് ഉത്തരം കണ്ടെത്താം






1. ആളുടെയൊപ്പം നടക്കും
   ആളെത്താങ്ങി നടക്കും
   ആളകത്തുകയറിപ്പോയാൽ
   പുറത്തിരിക്കും ചങ്ങാതി.

2. അവിടെ മിന്നി ഇവിടെ മിന്നി
   പിന്നെ പോയി മുക്കിലൊളിച്ചു.





3. കൊമ്പും കുഴലും കുത്തിയിറക്കി
   മന്തും പനിയും വിറ്റു നടക്കും
   ഞാനാരെന്ന് പറയാമോ?

4. ഇത്തിരി മുറ്റത്തിത്തിരി ചെളി.



5. കറുത്ത കാട്ടിൽ കുരുട്ടുപന്നി.

6. അട്ടത്തുണ്ടൊരു കുട്ടിച്ചാത്തൻ
   അങ്ങോട്ടിങ്ങോട്ടോടുന്നു.



7. ഞാൻ നിങ്ങളെ ശുചിയാക്കും
   വെള്ളം കൂട്ടി ശുചിയാക്കും
   വെള്ളം കൂട്ടി ശുചിയാക്കുമ്പോൾ
   ഞാനലിഞ്ഞ് ഇല്ലാതാകും.



"ചൂല് "
ഉത്തരമായി വരുന്ന
കൂടുതൽ കടങ്കഥകൾ
കണ്ടെത്തിയെഴുതൂ..



## 5. വായിച്ച് കണ്ടെത്തി എഴുതാം.

പല്ലിന് പകരം പറയുന്ന പേര്

പല്ലുരോഗം വന്നാൽ ചികിത്സിക്കുന്ന ആശുപത്രി

ഇതുണ്ടായാൽ വെള്ളം കുടിക്കണമെന്ന് തോന്നും.

| | | | | |
|---|---|---|---|---|
| | | | | ന്തം |
| | ന്താ | | | ത്രി |
| | | | | ഹം |



## 1. എന്തെല്ലാം രോഗങ്ങൾ?

**പാഠപുസ്തകത്തിലെ പേജ് 56ലെ പോസ്റ്റർ ആണ് തന്നിരിക്കുന്നത്. ഏതെല്ലാം രോഗങ്ങളെ കുറിച്ചാണ് ഇതിൽ പറഞ്ഞിരിക്കുന്നത്? എഴുതൂ. നിങ്ങൾക്കറിയാവുന്ന മറ്റ് രോഗങ്ങളുടെ പേരുകൾ കൂടി എഴുതണേ..**




### രോഗങ്ങൾ...രോഗങ്ങൾ

- പനി
-
-
-
-
-
-
-
-
-
-
-
-
-
-
-
-
-
-
-
-
-
-
-
-
-
-

## കൂടുതൽ അറിയാം

| വായുവിലൂടെ പകരുന്ന രോഗങ്ങൾ | വെള്ളത്തിലൂടെ പകരുന്ന രോഗങ്ങൾ | കൊതുക് പരത്തുന്ന രോഗങ്ങൾ |
|---|---|---|
| ജലദോഷം<br>വസൂരി<br>ചിക്കൻപോക്സ്<br>ചെങ്കണ്ണ്<br>ക്ഷയം<br>.............<br>................. | കോളറ<br>ടൈഫോയ്ഡ്<br>എലിപ്പനി<br>മഞ്ഞപ്പിത്തം<br>വയറുകടി<br>.............<br>................. | മന്ത്<br>ഡെങ്കിപ്പനി<br>ചിക്കുൻഗുനിയ<br>മലമ്പനി |

## 2. തരം തിരിക്കാം

താഴെ തന്നിരിക്കുന്ന രോഗങ്ങളെ തരംതിരിച്ചെഴുതൂ..
കൂടുതൽ കൂട്ടിച്ചേർക്കണേ..

- ഹൃദ്രോഗം
- പ്രമേഹം
- വയറുവേദന
- ചെവിവേദന
- വാതരോഗം
- കൊറോണ
- ശ്വാസംമുട്ടൽ
- തലവേദന
- നിപ
- മലമ്പനി
- മന്ത്
- കൃമിശല്യം

| പകരുന്ന രോഗങ്ങൾ | പകരാത്ത രോഗങ്ങൾ |
|---|---|
| • | • |
| • | • |
| • | • |
| • | • |
| • | • |
| • | • |

ദിവാകരൻ.പി
ALPS KUTTIPPURAM SOUTH